# കൈത്താക്കാലം ആറാം ഞായർ

## ലൂക്കാ 17,11-19

# തിരിച്ചുവരവ്

ദൈവത്തോടും മനുഷ്യരോടും പ്രകൃതിയോടുമൊക്കെ ആഴപ്പെട്ട ഒരു ഋണബോധം രൂപപ്പെടുത്തിയെടുക്കണമെന്നൊക്കെ ബോബി ജോസ് കട്ടിക്കാട് അച്ചൻ ഓർമ്മിപ്പിക്കാറില്ലേ. അതുതന്നെയാണ് ഇന്നത്തെ സുവിശേഷത്തിന്റെയും പൊരുൾ.

1. **നന്ദിയുള്ള ഒരു ഹൃദയം ഉള്ളിൽ രൂപപ്പെടുപ്പെടുത്തുക.**
    - ❖ ആദ്യം ദൈവത്തോട്. ഇന്നോളം എന്നെ വളർത്തിയ, പരിപാലിക്കുന്ന അനന്ത സ്നേഹമായ ദൈവത്തോട് എന്നും ഹൃദയത്തിൽ നന്ദി സൂക്ഷിക്കുക.
    - ❖ കുറവുകൾക്കിടയിലും ഇന്നോളം വളർത്തിയ മാതാപിതാക്കളോട്.
    - ❖ വളർത്തിയ അധ്യാപകരോടും മുതിർന്നവരോടും.
    - ❖ ജീവിതത്തിന്റെ ഗതിവിഗതികളിൽ കൂടെയുണ്ടായിരുന്ന ഉറ്റവരും അന്യരുമായ അനേക നല്ല മനുഷ്യരോട്.

2. **പ്രകടിപ്പിക്കാനുള്ള കരുത്ത് കാണിക്കുക.**

    നന്ദി പ്രകടിപ്പിക്കാനുള്ള ധൈര്യവും നന്ദി പ്രകടിപ്പിക്കാനുള്ള മനോഭാവവും നഷ്ടപ്പെട്ടുപോകുന്നുവെന്നുള്ളതാണ് ഇന്നത്തെ തലമുറയുടെ ഒരു പ്രധാന വീഴ്ച. സ്നേഹവും നന്ദിയും കരുതലും വാത്സല്യവുമൊക്കെ പ്രകടിപ്പിക്കാനുള്ളതാണ്. പ്രകടിപ്പിക്കാത്ത സ്നേഹം പിശുക്കന്റെ പണപ്പെട്ടിയിലെ ചെമ്പുനാണയങ്ങൾപ്പോലെയാണെന്ന് മാധവിക്കുട്ടി ഓർമ്മിപ്പിക്കുന്നുണ്ട്. പ്രകടിപ്പിക്കാത്ത സ്നേഹവും നാണയങ്ങളും തുരുമ്പെടുത്തുപോകും എന്നുകൂടി ഈ കഥാകാരി ഓർമ്മിപ്പിക്കുന്നു. വല്ലപ്പോഴുമൊക്കെ കടപ്പെട്ടവരോട്, വളർത്തിയവരോട്, ഇത്രത്തോളം എത്തിച്ചവരോട്, നമുക്കുവേണ്ടി അറിഞ്ഞും അറിയാതെയും

നന്മ ചെയ്യുന്നവരോട് ഒരു നന്ദി വാക്കുകൾക്കൊണ്ടും പെരുമാറ്റങ്ങൾക്കൊണ്ടും പ്രകടിപ്പിക്കാനുള്ള ധൈര്യം കാണിക്കുക.

3. **"തിരിച്ചുവരവ്" നടത്താൻ തയ്യാറാകുക.**

എന്നെ ഇത്രത്തോളം വളർത്തിയ അല്ലെങ്കിൽ എന്നെ ഒരുപാട് അകമഴിഞ്ഞു സഹായിച്ച, സ്നേഹിച്ച, എന്നോട് കരുണ കാണിച്ച മനുഷ്യരോട് നന്ദി പറയാൻ, അവരോടുള്ള കടപ്പാട് പ്രകടിപ്പിക്കാൻ ഞാൻ എന്നെങ്കിലും എന്റെ സമയം മാറ്റിവച്ചിട്ടുണ്ടോ? തിരിച്ചുവരിക എന്നത് എന്റെ സന്തോഷങ്ങളും എന്റെ ഇഷ്ടമുള്ള യാത്രകളും മാറ്റിവച്ച് കടപ്പാട് പ്രകടിപ്പിക്കാൻവേണ്ടി ഒരാൾ നടത്തുന്ന യാത്രയുടെ പ്രതീകമാണ്. തീർച്ചയായും അങ്ങനെയൊരു തിരിച്ചുവരവ് ചില നേരങ്ങളിൽ - എന്റെ ഇഷ്ടങ്ങളെ, എന്റെ യാത്രകളെ, എന്റെ സന്തോഷങ്ങളെ, എന്റെ അവധികളെ ഇത്തരം കടപ്പാടുകൾക്ക് ഞാൻ മാറ്റിവയ്ക്കേണ്ടിവരും.

4. **ഞാൻ തിരിച്ചുവരാൻവേണ്ടി ആരെങ്കിലും ഈ ഭൂമിയിൽ കാത്തിരിക്കുന്നുണ്ടോയെന്ന് ധ്യാനിക്കുക.**

ഒരുപക്ഷേ എന്റെ മാതാപിതാക്കളാവാം, എന്നെ വളർത്തി വലുതാക്കിയ അധ്യാപകരാവും, എന്റെ പ്രിയപ്പെട്ടവരായിരിക്കും, ചോരയും നീരും എനിക്കുവേണ്ടി വ്യയം ചെയ്ത ഒരുപാടു നല്ല മനുഷ്യരുടെ പുണ്യങ്ങളായിരിക്കും. നമ്മൾ നന്ദിപറയാൻ മറന്നുപോയ അനേകജന്മങ്ങൾ പലയിടത്തായി ഈ ഭൂമിയിൽ ചിതറിക്കിടപ്പുണ്ടെങ്കിൽ ഇന്ന് ദൈവസന്നിധയിലിരുന്ന് ദൈവത്തോട് മാപ്പു ചോദിക്കുകയും, ആ പാവം സമരിയാക്കാരനേപ്പോലെ അത്തരം കടപ്പാടുകളുടെ ഇടയിലേക്ക് തിരിച്ചുപോകാനുള്ള ഒരു നല്ല മനസ്സ് രൂപപ്പെടുത്തിയെടുക്കാനുള്ള കൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കുകയും ചെയ്യാം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആമ്മേൻ.

**- ഫാ. അജോ രാമച്ചനാട്ട്**